

# യാക്കോബായ സുറിയാനി സഭ

## ഊശാന ശുശ്രൂഷ ക്രമം

*(പരിശുദ്ധ സഭയുടെ ആണ്ടു തക്സയിൽ നിന്നും പകർത്തിയത്)*

*ആരാധാനക്രമങ്ങൾ സുലഭമല്ലാത്ത മിദ്യാൻ ദേശത്ത് താമസിക്കുന്നവർക്കായി തയ്യാറാക്കിയത്.*
*ഇത് പൂർണ്ണമായും ടെപ്പ്ചെയ്ത് ക്രമീകരിച്ചതാകയാലും മറ്റൊരാൾ പകർപ്പ് പരിശോധന നിർവ്വഹിച്ചി ട്ടില്ലാത്തതിനാലും തെറ്റുകൾക്ക് ഉത്തരവാദി ഞാൻ മാത്രമായിരിക്കും.*

SAMAJAM
Land of Midian, Since 2002 June 29th
PIECE OF WOOD IN MARAH
SAINT MARY'S JACOBITE MOVEMENT

*Type set by:* *Daniel B Daniel (Chev),*
*Initiator and founder of SAMAJAM, Land of Midian*
*Kadeesa Church, Paitel, Kayamkulam*
*appa_3d@yahoo.co.uk, whatsapp-966 532190078*

*Prepared and published in 2017 March*

ഞങ്ങൾക്കല്ല കർത്താവെ,

ഞങ്ങൾക്കല്ല,

എന്നാലോ നിന്റെ കൃപ നിമിത്തവും

നിന്റെ സത്യം നിമിത്തവും

തിരുനാമത്തിന്നു തന്നെ ബഹുമാനമുണ്ടായിരിക്കട്ടെ !!

(സങ്കീർത്തനങ്ങൾ 114 : 9 - വിശുദ്ധ ഗ്രന്ഥം)

# മലങ്കര യാക്കോബായ സുറിയാനി സഭ

## ഊശാന ശുശ്രൂഷ ക്രമം

### പ്രദിക്ഷണ സമയത്ത് ചൊല്ലുവാനുള്ള സുഗീസൊ

(പ്രദിക്ഷണം പള്ളിയുടെ വടക്കേ വാതിൽ വഴി പുറപ്പെട്ട് പള്ളിക്ക് ചുറ്റും പ്രദിക്ഷണം നടത്തി തെക്കെ വാതിൽ വഴി അകത്ത് പ്രവേശിക്കുന്നു)

യേറുശലേമിലെ വന്മലമേ-
ലോരുകിലെന്നേയാരേറ്റി.
വരവാഹനനായ് പുരിപൂകം
പരസുതനേ ഞാൻ കാണുന്നു.
നിബിയന്മാരുടെ തിരുനിവഹം
നടകൊള്ളുന്നു പുരോഭൂവിൽ
ശ്ലീഹന്മാരുടെ ദിവ്യഗണം
പിന്നണി ചേർന്നു വരുന്നല്ലോ.
സൈത്തിൻ കൊമ്പുകളേന്തിയിതാ
പിഞ്ചുകിടാങ്ങൾ പാടുന്നു
ഭൂസ്വർഗ്ഗളിലൂശാനാ!
ദാവീദാത്മജനൂശാനാ!
വന്നവനും വരുവോനുമഹോ
ധന്യൻ നിഖിലേശാ! സ്തോത്രം.

**(പ്രദിക്ഷണം കഴിഞ്ഞ് പള്ളിയകത്ത് പ്രവേശിച്ച ശേഷം കുരുത്തോല വാഴ്ത്തുന്നക്രമം)**

### പ്രാർത്ഥന

ദൈവമായ കർത്താവേ! ഊർശ്ലേമിലേയ്ക്കുള്ള നിന്റെ പ്രവേശനത്തിന്റെ ഈ ദിവസത്തിൽ ശോഭന വസ്ത്രങ്ങളോടും ആന്തരീകശോഭയോടും നിർമ്മലങ്ങളായ വിശുദ്ധ വിചാരങ്ങളോടും കൂടെ നിന്റെ എതിരേൽപിനു പുറപ്പെടുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. മഹത്വത്തിന്റെ കൊമ്പുകളോടു കൂടി ഞങ്ങൾ അട്ടഹസിച്ചുപറയുന്നു. കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ ഊശാന. ഹോശോ.....

### 51-ാം മസ്മൂർ

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അനീതിയിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ ഞാൻ എന്റെ കുറ്റങ്ങളെ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. സന്നിധിയിൽ തിന്മകളേയും ചെയ്തു. അതിനാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടും നിന്റെ വിധികളിൽ നീ ജയിക്കും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എങ്കിലും നീതിയിൽ നിനക്ക് തിരുവിഷ്ടമായി . നിന്റെ ജ്ഞാന രഹസ്യങ്ങൾ നീ എന്നോടറിയിച്ചു.

സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമെ; ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തനാക്കണമെ. ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ കുറ്റങ്ങളെല്ലാം മായിച്ചു കളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. തിരുസന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; സമാധാനഹോമങ്ങളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം തകർന്ന ഹൃദയത്തെ നിരസിക്കയില്ല.

തിരുവുള്ളമുണ്ടായി സെഹിയോനോടു നന്മ ചെയ്യണമെ. യറുശലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും സമാധാന ഹോമങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ അവർ കാളകളെ ബലി കഴിക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

(ഏമോദ്കീസോ)

ഒലിവീന്തൽ തലകളെടുത്തൂശാനാ
ശിശുബാലന്മാർ പാടി കീർത്തിച്ചോൻ
ദേവാ! ദയ ചെയ്തീടണമേ.
ക്രൂബഗണം ഭ്രമമൊടു പേറീടുമ്പോൾ
ഗർദ്ദഭമേറീട്ടേറുശലേമാർന്നോൻ ദേവാ ...
യേരുശലേം പുരി പൂകീടുന്നേരം
മധുരാരാവം ശിശുഗണമർപ്പിച്ചോൻ- ദേവാ ..
ഗിരിസൈത്തിൽ നിന്നേറുശലേമോളം..
ശിശുബാലന്മാരോശാനാപാടിയ - ദേവാ...
ബാറെക്മോർ - ശുബഹോ.....
മെൻഓലംവാദാമൊൽ ഓലംഒൽമീനാമീൻ
*(ആദിമുതൽ എന്നന്നേക്കും വരെ)*
വിനയത്താൽ രക്ഷയെ നൽകിയ സൂനോ!
യുവശിശു വൃദ്ധന്മാർ സ്തുതി ചെയ്-വോനേ! ദേവാ!

(കുക്കിലിയോൻ)

ഈശാ നാഥാ! പാരെങ്ങും തിരുനാമം മഹനീയം
ഹാലേലുയ്യാ-നിന്മഹിമാവിനെഗഗന തലത്തിന്നരുളീനീ
നീ ബാലകയുവവദനത്തിലൊരുക്കീ നിൻ സ്തുതിയേ
ഹാലേ.. വൈരികളാമെതിരാളികൾ മായും
ബാറെക്മോർ - ശുബഹോ.....
മെൻഓലംവാദാമൊൽ ഓലംഒൽമീനാമീൻ
*(ആദിമുതൽ എന്നന്നേക്കും വരെ)*
ശ്ലോമ്മോ സീയോനോടറിയിക്കുന്നോനേ!-യേരുശലേമിൻ ശമദാതാവെ! ഉന്നത പർവ്വതമേറിപ്പുകുകമേന്മ-
നാദമുയർത്തിക്കെല്പോടവളോടുൽഘോഷിക്ക-പ്രോക്തം

നിന്നപദാനം മഹനീയം-നീ ദൈവത്തിൻപത്തനമ
ല്ലോ-ഇസ്രായേലിനു ശമനവുമന്യജനത്തിൻ തനയ
യ്ക്കനിശം ശാന്തിയതും രക്ഷയുമുദയം ചെയ്യട്ടെ.

## പ്രാർത്ഥന

തന്റെ കല്പനയാൽ ശിശുക്കളെ ഉദരങ്ങളിൽ രൂപപ്പെടുത്തിയവനും തന്റെ മുമ്പിൽ ഊശാന പാടി പുകഴ്ത്തുവാൻ തക്കവണ്ണം അവരുടെ നാവുകളെ തന്റെ വചനം മൂലം സന്നദ്ധമാക്കിയവനും ആയ വിദഗ്ദ്ധ ശില്പിയായ കർത്താവേ! ഞങ്ങളുടെ കണ്ണുകൾക്കു മുമ്പിൽ നിന്റെ വരവും ഞങ്ങളുടെ മനസ്സുകളിൽ നിന്റെ പുകഴ്ചകളും നീ രൂപപ്പെടുത്തണമെ. ഞങ്ങളടെ സംഗീതങ്ങളെ നിന്റെ മഹിമയെ സ്തുതിച്ചുപുകഴ്ത്തുവാൻ തക്കവണ്ണം നീ ഒരുക്കുകയും ചെയ്യണമേ. ഹോശൊ....

## കുക്കുലിയോൻ

വാഴ്ത്തുക കർത്തനെ യേരുശലേമേ! ഹാലേ..
വാഴ്ത്തുക സീയോനേ! നിൻദൈവത്തെ

ബാറെക്മോർ - ശുബഹോ..
മെൻഓലംവാദാമൊൽ ഓലംഒൽമീനാമീൻ

യേരുശലേമേ! പരമാനന്ദത്തോടാഹ്ളാദിക്ക-സീയോൻ തൻ പ്രിയരേ! സതതം മോദമൊടാഘോഷിക്ക-സർവജനത്തെയുമാളും മശിഹാസേനാധീശൻ-വൈരിമദം ധ്വംസിപ്പാൻ ഗർദ്ദഭവാഹനായെഴുന്നള്ളുന്നു-കർത്താവിൻ സൃഷ്ടികളെ! ദൈവാധീശനെ വാഴ്ത്തിൻ നിത്യം വാഴ്ത്തിൻ സ്തോത്രം ചെയ്യുവിനെന്നേവം തൻപേർക്കായ് നാമാർത്തീടുന്നു.

സ്തൗമെൻകാലോസ് കുറിയേലായിസോൻ

## പ്രമിയോൻ

ഉന്നതത്തിൽ സ്രോപ്പേന്മാർ കാദീശ് പാടി സ്തുതിക്കുന്ന ഉന്നതനും പ്രകൃത്യാ ശ്രേഷ്ഠനും ക്രൂബേന്മാർ പരിഭ്രമത്തോടെ ബ്രീക്കുയീക്കോറെ പാടുകയും ശിശുക്കൾ സന്തോഷസമേതം സ്തുതിക്കയും ചെയ്യുന്ന വാഴ്ത്തപ്പെട്ടവനും അനുഗ്രഹീതനും മാലാഖമാർ സ്തുതി അട്ടഹസിക്കുകയും തിരുവുള്ളം പോലെ പരമാർത്ഥികളായ ശിശുക്കളാൽ സെഹിയോൻ വീഥികളിൽവച്ച് പുകഴ്ത്തപ്പെടുകയും ചെയ്ത മഹനീയനും ആയ കർത്താവിനു സ്തുതി. തനിയ്ക്കു ഈ സമയത്തും എല്ലാ പെരുന്നാളുകളുകളിലും ....

## സെദറാ

(ഉൾപ്പെടുത്തിയിട്ടില്ല)

## കോലോ - കൂക്കോയൊ

യേരുശലേമേറുന്നോനെ-യേൽപ്പാൻ ബാലകരേ!
കല്ലുകളേന്തിച്ചെല്ലുവിനെ-ന്നോതി വൃദ്ധന്മാർ
കല്ലുകൾപേറി-ച്ചെന്നുപൈതങ്ങൾ
ഗിരിസൈത്തിന്മേ-ലവനെ കണ്ടപ്പോൾ
കല്ലുകൾകൈവിട്ടൊലിവിൻകൊ—മ്പേന്തീട്ടിസ്രായേൽ
നൃപതേ! ശാന്തി സ്വാഗതമെ-ന്നുച്ചത്തിൽ പാടി
ഹാലേ...നിൻവരവതി ധന്യം
യേറുശലേമവനാർന്നപ്പോൾ-ദിവ്യാത്മീമയമതാം
വിമലസ്തുതിയാൽ വിമലസഭ-നൽകീ സ്വീകരണം
സ്വാഗതമവന-ങ്ങേകാൻ കരതാരിൽ
ചില്ലികളേന്തും-പൈതങ്ങളെ വിട്ടാൾ
സ്തുതിഘോഷത്തോടവരേവം-പാടീ തിരുമുമ്പിൽ
ദാവീദാത്മജനൂശാന-രക്ഷാദാതാവെ!
ഹാലേ.... തിരുനാമം ധന്യം ബാറെക്മോർ...
ശുബഹോ..
സഭ ഘോഷിക്കുന്നി-തിവനല്ലോ-വാനിൻ മണവാളൻ
ദാവീദു സുതൻ ദാവീദിൻ-നാഥൻ നിന്ദിതമാം
മൃഗമേറുന്നു-തിരുമുമ്പിൽ നിബിയർ

നടകൊള്ളുന്നു-ശിഷ്യഗണം പിമ്പേ
പിഞ്ചുകിടാങ്ങൾസൈത്തിൻകൊ-മ്പേന്തിക്കൊണ്ടാർത്തു
ദാവീദാത്മജനുശാനാ-ധന്യൻ രക്ഷകനേ!
ഹാലേ... വാനതിലൂശാന
മെൻഓലംവാദാമൊൽ ഓലംഒൽമീനാമീൻ
(ആദിമുതൽ എന്നന്നേക്കും വരെ)
യീഹൂദ്യായിൽ കർത്താവിൻ-കാലത്തുണ്ടായോ
രാശ്ചര്യം മഹനീയം താൻ-ശിഷ്യന്മാരൊത്ത്
മഹിമാവിൻതേ-രുള്ളോൻ സീനായെ
വിറകൊള്ളിച്ചോൻ-പെരുന്നാൾകൊണ്ടാടാൻ
ഗർദ്ദഭമേറീട്ടേറുശലേം-നഗരം പൂകുമ്പോൾ
കൈപ്പിള്ളകളൂശാനകളാൽ-പാടികീർത്തിച്ചു
ഹാലേലുയ്യാ-വാനതിലൂശാനാ
മൊറിയോ റാഹേമേലൈൻ ഉ ആദാറെൻ
(കർത്താവേ! ഞങ്ങളുടെമേൽ കരുണചെയ്ത് ഞങ്ങളെ സഹായിക്കണമേ)

എത്രോ

(ഉൾപ്പെടുത്തിയിട്ടില്ല)

ഹൂത്തോമൊ

(ഉൾപ്പെടുത്തിയിട്ടില്ല)

(മോർ യാക്കോബിന്റെ ബോവൂസ്സൊ)

ഉണ്ണികളാർത്തു നാഥൻ ശുദ്ധൻ ശുദ്ധൻ ശുദ്ധൻ
ഗർദ്ദഭമേറീട്ടേറുശലേമേറുന്നോൻ ശുദ്ധൻ
പാടിൻ പാടിൻ പാടിൻ സ്തോത്രം ദൈവസുതനായ്
എന്തിനു മാന്ദ്യം തൽ സ്തുതി പാടാൻ നീ നിർദ്ദിഷ്ടൻ

നാഥന്നേറ്റം പ്രിയമാം വിനയം പൂണ്ടു ചരിപ്പാൻ
ഈ ലോകത്തിൽ തന്നുടെ മാർഗ്ഗം സംസ്ഥാപിച്ചാൻ
ശ്രേഷ്ഠന്മാർ തൻ വാഹന മേല്ക്കാതതി വിനയത്താൽ
അന്യജനത്തെ ദർശിപ്പാനായ് ഗർദ്ദഭമേറി.

എബ്രായന്മാർ വരുമരചൻ തൻ വിനയം ദർശി-
ച്ചൂശാനാപ്പാട്ടാർത്തിടുവാനായി കൊമ്പുകളേന്തി
വൃദ്ധന്മാരാവിഹിത സ്തുതിയിൽ നീരസമാണ്ടു
ആശ്ചര്യത്തോടൂശാനയ്ക്കായ് ബാലകരാഞ്ഞു

വൃദ്ധന്മാർ തൻ കടഭാരത്തെ വീട്ടിയുവാക്കൾ
യോഗ്യമതാകും സ്തുതിയവിടേവം സംഭൃതമായി
ആഗതനീശൻ വാഴ്-വുടയോനെന്നുത്തരമാർത്തു
വൻസ്തുതിയാലായെഴുന്നള്ളിൻ പാതമുഴങ്ങി

താതൻ സ്തുത്യൻ നരരക്ഷക്കായ് സുതനെ വിട്ടോൻ
സീയോൻ തെരുവിൽ മൃഗമാരൂഢൻ പുത്രൻ വന്ദ്യൻ
വന്ദ്യൻ പുത്രന്നുച്ചരവത്തിൽ സ്തോത്രം പാടാൻ
ബാലന്മാരെ പ്രേരിപ്പിച്ചോൻ റൂഹാ സ്തുത്യൻ

മുമ്പിൽ നിബിയർ പിമ്പിൽ ശ്ലീഹർ ബാലന്മാരും
ഊശാനാപ്പാട്ടുൽഘോഷിച്ചങ്ങവനേ വാഴ്ത്തി
നാഥൻ ദൈവം നിന്ദ്യമൃഗത്തെ വാഹനമാക്കി
സ്ക്കറിയായേ! നിൻമോഴി നിറവേറി, സ്തുതിഘോഷിക്ക

## സുമ്മോറൊ

ധന്യൻ! കർത്താവിൻ തിരുനാമത്തിൽ
വന്നോനെന്നേവം-സീയോൻ തെരു
വിൽ കുട്ടികളുൽഘോഷിച്ചു.

## വായനകൾ

| | |
|---|---|
| ആദ്യപുസ്തകം | 49 ; 8-12 |
| സ്ക്കറിയാ | 9 : 9-12 |
| ഏശായാ | 51 : 9-11 |
| 1 യോഹന്നാൻ | 2 : 7-15 |
| റോമർ | 11 : 3-24 |

## (പെത്ഗോമൊ)

ഹാലേ... ഉഹാലേ ... എന്നെന്നും ഞാൻ
ദേവാഗാരത്തിൽ - മേന്മയെഴും സൈത്തിന്നൊത്തോനാം - ഹാലേ..

## ഏവൻഗേലിയോൻ

(മർക്കോസ് 11 : 1 - 18)

.........

.....

അദ്ദേഹത്തിനു മുമ്പേയും പുറകേയും ഉള്ളവർ ഇപ്രകാരം വിളിച്ചു പറഞ്ഞു.

ഊശാനാ-ധന്യൻ കർത്താവിൻ നാമ
ത്തിൽ വരുവോൻ-ധന്യം കർത്താവിൻ
തിരുനാമത്തിൽ വന്നിടും-പിതൃ ദാ
വീദിൻ രാജ്യം-വാനിൽ ശാന്തി!
സ്തുതി സ്വർഗ്ഗത്തിൽ! സ്വർഗ്ഗങ്ങളി
ലൂശാനാ!

.....

## ലുത്തിനിയാ

നാമെല്ലാവരും ഉത്സാഹപൂർവ്വം നന്നായിനിന്നു കൊണ്ട് ദൈവത്തിനു പ്രീതീകരമായ ശബ്ദത്തിൽ കുറിയേലായിസ്സോൻ എന്ന് ഏറ്റുചൊല്ലണം.

(പൂർണ്ണമായി ഉൾപ്പെടുത്തിയിട്ടില്ല)

**പട്ടക്കാരൻ വിശുദ്ധ കുർബ്ബാനയിലേപ്പോലെ കൈകൾ ഉയർത്തിക്കൊണ്ട് പ്രാർത്ഥന**

ശുബഹോലാബൊ ...
വാലായിൻമ്ഹീലെ ...

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ കർത്താവേ! കൃപയോടെ ഞങ്ങളുടെ കടങ്ങളെ ക്ഷമിക്കുകയും ദയാപൂർവ്വം ഞങ്ങളുടെ കുറ്റങ്ങളെ മോചിക്കുകയും ചെയ്ത് നിനക്കുള്ളവരായിത്തീരുവാനും തിരുവിഷ്ടപ്രകാരം നിന്നെ പ്രീതിപ്പെടുത്തുവാനും തിരുസന്നിധിയിൽ കരുണപ്രപിക്കുവാനും ഞങ്ങൾക്കു കൃപ നൽകണമേ. ഹോശോ .... ആമ്മീൻ

പട്ടക്കാരൻ : പ്രാർത്ഥന

സ്വർഗ്ഗസേനകളുടെ ദൈവമായ കർത്താവേ! ..

പട്ടക്കാരൻ (വീണ്ടും അപേക്ഷ)

ദൈവമായ കർത്താവേ! അനശ്വര വസ്ത്രങ്ങളാൽ പ്രശോഭിതരാകുവാനും മഹത്വകരമായ ആന്തരീക ...

പട്ടക്കാരൻ :- നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ

ജനം :- അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

ശുശ്രൂഷക്കാരൻ : കാരുണ്യവാനായ കർത്താവിന്റെ മുമ്പാകെ നാം തലകുനിക്കണം.

ജനം :- ഞങ്ങളുടെ കർത്താവും ദൈവവുമേ! തിരുമുമ്പാകെ ഞങ്ങൾ തലകുനിക്കുന്നു.

പട്ടക്കാരൻ : പ്രാർത്ഥന

കർത്താവേ നിന്റെ സഭയും നിന്റെ അവകാശവും ആത്മശരീരങ്ങളുടെ കഴുത്തുകളെ തിരുമുമ്പാകെ കുനിച്ചിരിക്കുന്നു. .............

............ ഞങ്ങൾ നിനക്കു സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ..

പട്ടക്കാരൻ : പ്രാർത്ഥന

ഈ മനുഷ്യാവതാര വ്യാപാരത്തെ പൂർണ്ണമായി ഞങ്ങളുടെ അടുക്കൽ നിർവ്വഹിച്ച ദൈവമായ കർത്താവേ! ഇപ്പോൾ നിന്റെ ........

ഹോശോ ...

**പട്ടക്കാരൻ കുരുത്തോലകളുടെ മേൽ കൈ ആവസിപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നു.**

<u>ഹൂത്തോമൊ</u>

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ. ഞങ്ങളുടെ അപേക്ഷകൾ കൈക്കൊള്ളണമെ. ഞങ്ങളുടെ യാചനകൾക്കു മറുപടി നൽകണമെ. ഞങ്ങളുടെ സഹായത്തിനു വന്നു ചേരേണമെ. ഞങ്ങളുടെ കർത്താവും എന്നേയ്ക്കും ഞങ്ങളുടെ ദൈവവുമേ! രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണചെയ്യണമേ.

മോറാൻവാലോഹാൻ ...

**പട്ടക്കാരൻ സ്ലീബായും കുരുത്തോലയും കയ്യിലെടുത്തുകൊണ്ട്**

**ബീമായിലൊ മദ്ബഹായിലോ നിന്നുകൊണ്ട് ആഘോഷം നടത്തുന്നു.**

***കിഴക്കോട്ട് തിരിഞ്ഞു നിന്നു കൊണ്ട്***

പട്ടക്കാരൻ : - ദൂതന്മാർ സേ-വിപ്പോനേ!

ജനം :- ഈശാ നീ പരിശുദ്ധൻ

പട്ടക്കാരൻ : - ക്രോബേന്മാർ വാഴ്ത്തുന്നോനേ!

ജനം : - ശക്താ! നീ പരിശുദ്ധൻ

പട്ടക്കാരൻ : - സ്രാപ്പികൾ കാദീ-ശാർപ്പോനേ!

ജനം : - മൃതീഹീനാ! നീ പരിശുദ്ധൻ

പട്ടക്കാരൻ : - പാപികളനുതാപച്ചോടൊർത്ഥിച്ചോതുന്നു.

ജനം : ദാവീദാത്മജനൂശാന! കൃപയടിയാരിൽ ചെയ്യണമേ

***പടിഞ്ഞാറോട്ട് തിരിഞ്ഞു നിന്നു കൊണ്ട്***

പട്ടക്കാരൻ : - തീമയർ ഹാലേൽ-ചൊൽവോനേ!

ജനം : - ഈശാ നീ പരിശുദ്ധൻ

പട്ടക്കാരൻ : - ആത്മീയർ ശ്ലാ-ഘിപ്പോനേ!
ജനം : - ശക്താ! നീ പരിശുദ്ധൻ
പട്ടക്കാരൻ : - മണ്മയരാഘോ-ഷിപ്പോനേ!
ജനം : - മൃതീഹീനാ! നീ പരിശുദ്ധൻ
പട്ടക്കാരൻ : - വിശ്വാസിനിയാം തിരുസഭതൻ സുതരർത്ഥിക്കുന്നു.
ജനം : - ദാവീദാത്മജനൂശാനാ! കൃപയടിയാരിൽ ചെയ്യണമെ.

*വടക്കോട്ട് തിരിഞ്ഞു നിന്നു കൊണ്ട്*

പട്ടക്കാരൻ : - മേലുള്ളോർ മ-നിപ്പോനേ!
ജനം : - ഈശാ നീ പരിശുദ്ധൻ
പട്ടക്കാരൻ : - മദ്ധ്യമർ കീർത്തി-ക്കുന്നോനേ!
ജനം : - ശക്താ! നീ പരിശുദ്ധൻ
പട്ടക്കാരൻ : - കീഴുള്ളോർ കൂ-പ്പുന്നോനേ!
ജനം : - മൃതീഹീനാ! നീ പരിശുദ്ധൻ
പട്ടക്കാരൻ : - പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു
ജനം : - ദാവീദാത്മജനൂശാനാ! കൃപയടിയാരിൽ ചെയ്യണമെ.

*തെക്കോട്ട് തിരിഞ്ഞു നിന്നു കൊണ്ട്*

പട്ടക്കാരൻ : - നാഥാ! കൃപചെയ്തീടേണം
ജനം : - നാഥാ! കൃപ ചെയ്യുക കനിവാൽ
പട്ടക്കാരൻ : - നാഥാ! കർമ്മാർത്ഥകളെ നീ കൈക്കൊണ്ടും കൃപ ചെയ്തീടേണം.
ജനം : - ദേവേശാ! തേ സ്തോത്രം
പട്ടക്കാരൻ : - സൃഷ്ടാവേ! തേ സ്തോത്രം.
ജനം : - പാപികളാം ദാസരിലലിയും മ്ശിഹാ രാജാവേ! സ്തോത്രം.

ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

*ഊശാന ശുശ്രൂഷകൾ സമാപനം*